20

# യേശുവിനെ നിങ്ങൾ എന്തുചെയ്യും?

ഈ ലോകം വിശാലവും സങ്കീർണ്ണവും ആണെങ്കിലും, തിരുവെഴുത്തിൻ പ്രകാരം, നമുക്കായുള്ള നിത്യമായ സ്ഥാനത്തേക്കുള്ള ഒരുക്കത്തിനുള്ള സ്ഥലം ഇവിടെ മാത്രമാണ്. അതുകൊണ്ട്, ഇവിടെയുള്ള ജീവിതം ഒരു ചെറിയ തുടക്കം മാത്രമാണ്. എല്ലാ ജീവനുള്ളവർക്കും ജീവിക്കുന്ന ഒരാത്മാവുണ്ട്; അതു ഈ ലോകത്തിനു ശേഷം സ്വർഗ്ഗത്തിലോ നരകത്തിലോ ആകുവാൻ രൂപപ്പെടുത്തിയതാണ്. പുതിയനിയമം നിത്യജീവനേയും നിത്യശിക്ഷാവിധിയെയും വിവരിക്കുന്നുണ്ട് (മത്തായി 25:46). ഇതിനു ശേഷം നിത്യജീവനും നിത്യമരണത്തിനും മദ്ധ്യേ മറ്റൊരു സ്ഥലം വസിപ്പാനായിട്ടില്ല. മരിക്കുമ്പോഴോ അല്ലെങ്കിൽ ക്രിസ്തു വീണ്ടും വരുമ്പോഴോ നമ്മുടെ അന്തിമലക്ഷ്യസ്ഥാനം എന്നേക്കുമായി മുദ്രവെക്കും. നിത്യതയിൽ പ്രവേശിച്ചശേഷം ദൈവത്തോടുള്ള ബന്ധത്തിന് രണ്ടാമത് അവസരമില്ല. എന്തൊരു ശാന്തമായ ചിന്ത! നാം യേശുവിനെ എന്തു ചെയ്യുന്നുവെന്നതിൽ നിത്യതയുടെ സൂചനകളുണ്ട്. ഒരു ക്രിസ്ത്യാനിയായിത്തീരുവാൻ തീരുമാനമെടുക്കുവാനാണ് ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നത്. അങ്ങനെ നിങ്ങൾ അവനോടുകൂടെ ജീവിച്ചു ഇപ്പോൾ നിങ്ങൾക്കു സമൃദ്ധമായ ജീവനും (യോഹന്നാൻ 10:10) വരുവാനുള്ള ലോകത്തിൽ നിത്യജീവനും പ്രാപിക്കും (1 യോഹന്നാൻ 2:25).

തിരുവെഴുത്തിൽ അവതരിപ്പിച്ചിരിക്കുന്ന വിഷയമായ “സഭ” യിൽ, വിശ്വസ്തമായ അംഗമായിത്തീരുന്നതിനെകുറിച്ചുള്ള ഈ പഠനത്തിന്റെ അവസാനഭാഗത്ത് നിങ്ങൾ എത്തിയിരിക്കയാണ്. നിങ്ങൾ ചുരുക്കമായി യേശുവിനെ പരിചയപ്പെടുത്തുക - ദൈവപുത്രനായ യേശു - ലോകത്തിൽ വന്ന്, തന്റെ ജീവിതവും, ഉപ

ദേശവും, സ്നേഹവും കൊണ്ട് ദൈവം എന്തായിരിക്കുമെന്നും അവന്റെ ഇഷ്ടം എന്തായിരിക്കുമെന്നും കാണിച്ചുതന്നു. അതില ധികമായി, അവന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും ദോഷം തുടർന്നുണ്ടായ സഭയുടെ സ്വഭാവത്തെയും നിങ്ങൾ പഠിച്ചു. ഒരാൾ എങ്ങനെ ആ സഭയിൽ പ്രവേശിക്കുമെന്നും സഭയായി എങ്ങനെ ജീവിക്കുമെന്നും കണ്ടു. ഇപ്പോൾ ഒരു വലിയ ചോദ്യത്തിനു മുന്നി ലാണ് നിങ്ങൾ എത്തിയിരിക്കുന്നത്, നിങ്ങൾ ചിന്തിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും ഗൗരവമേറിയ ചോദ്യമാണ്: "ഞാൻ യേശുവിനെ എന്തു ചെയ്യും?"

എല്ലാ ക്രിസ്ത്യാനികളുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും കാര്യമായ പ്രത്യാശയും എന്തെന്നാൽ നിങ്ങൾ ഒരു വിശ്വസ്തക്രി സ്ത്യാനിയായി ശേഷിച്ച കാലം ക്രിസ്തുവിനെ അനുഗമിച്ചു ജീവിക്കും എന്നാണ്. നിങ്ങൾ ഇതു പഠിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരുപക്ഷെ നിങ്ങളുടെ ഹൃദയത്തിൽ "എനിക്ക് ഒരു ക്രിസ്ത്യാനി യായിത്തീരണം" എന്നു പറഞ്ഞിട്ടുണ്ടാകും. അല്ലെങ്കിൽ നിങ്ങൾ വിചാരിച്ചിരിക്കാം, "ക്രിസ്ത്യാനിയാകുന്നതിനെ സംബന്ധിച്ച് എനിക്ക് ചില സംശയങ്ങളുണ്ട്, അതു ദൂരീകരിച്ചാൽ എനിക്ക് ക്രിസ്ത്യാനിയാകണം" എന്ന്.

നിങ്ങൾക്ക് ചോദ്യങ്ങൾ ഉണ്ടെങ്കിൽ, ഈ പുസ്തകത്തിന്റെ ശേഷിച്ച ഭാഗം ശ്രദ്ധയോടെ വായിക്കുക. അതിൽ നിന്നു നിങ്ങൾക്ക് ചില ഉത്തരങ്ങൾ കിട്ടും. കൂടാതെ, അതു നിങ്ങൾക്കു ക്രിസ്ത്യാ നിയായിത്തീരുവാനുള്ള ആഗ്രഹം നിറവേറ്റുവാൻ എടുക്കേണ്ട ചില നടപടിക്രമങ്ങളെ പേരെടുത്ത് വിവരിക്കയും ചെയ്യുന്നുണ്ട്.

## ചുവട് 1: രക്ഷ

ആദ്യം എടുക്കേണ്ട ചുവട്, തീർച്ചയായും, ക്രിസ്ത്യാനിയാ യിതീരുക എന്നതാണ്. ഈ ലോകത്തിൽ, ആർക്കും എവിടെയും, അയാൾ ക്രിസ്തുവിൽ വിശ്വസിക്കുന്നു എങ്കിൽ (യോഹന്നാൻ 8:24) മാനസാന്തരപ്പെടുന്നു എങ്കിൽ (അല്ലെങ്കിൽ പാപത്തിൽനിന്നു തിരി യുന്നു എങ്കിൽ; പ്രവൃത്തികൾ 17:30), യേശുവിനെ ക്രിസ്തു എന്നു ഏറ്റു പറയുന്നു എങ്കിൽ (റോമർ 10:10), പാപങ്ങളുടെ മോചനത്തി നായി ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏല്ക്കുന്നു എങ്കിൽ (പ്രവൃത്തികൾ 2:38) ക്രിസ്ത്യാനിയാകാം.

നിങ്ങൾ ചോദിക്കാനിടയുള്ള ചില ചോദ്യങ്ങൾക്കു നമുക്ക് ഉത്തരം കണ്ടെത്താം:

**"കുട്ടികളോ?"**

ശിശുക്കളെ സ്നാനപ്പെടുത്തുവാൻ പുതിയനിയമം ഒരിക്കലും പറഞ്ഞിട്ടില്ല. അവർ കർത്താവിന്റെ മുൻപിൽ നിഷ്ക്കളങ്കരായതു കൊണ്ട്, അവരെ സ്നാനപ്പെടുത്തേണ്ട ആവശ്യമില്ല. അവർ നന്മയെ തിന്മയിൽ നിന്നു വേർതിരിച്ചറിയാൻ കഴിയാത്തവരായതുകൊണ്ട് അവർ ദൈവത്തിനു കണക്കു കൊടുക്കേണ്ടവർ അല്ല. അവർ തങ്ങളുടെ ജീവിതത്തിൽനിന്ന് ആവശ്യപ്പെടുന്നത് ബോധ്യമുള്ളവരാകുമ്പോൾ പിന്നെ അവർ കർത്താവിന്റെ രക്ഷാമാർഗ്ഗം അനുസരിച്ച് ക്രിസ്ത്യാനികൾ ആകണം (എല്ലാവരും). അവരുടെ നിഷ്ക്കളങ്കതനിമിത്തം അവർ, എങ്ങനെയായാലും സുരക്ഷിതരാണ് കാരണം അവർ പാപം ചെയ്തിട്ടില്ല. അവരുടെ മനസ്സുകൾ മനസ്സിലാക്കാൻ കഴിവുള്ളവരാകുമ്പോൾ, അവരുടെ വിശ്വാസം പൂർണ്ണമായും അവരെ നടത്തുന്നവരിൽ ഉണ്ടാകയും, വിശ്വാസപൂർവ്വം ആശ്രയിക്കയും ഉപദേശിക്കാവുന്നവ പ്രായമായവരെ അനുകരിക്കയും ചെയ്യും (മത്തായി 18:3). യേശു കുട്ടികളെക്കുറിച്ചു പറഞ്ഞു, "സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്നു പറഞ്ഞു" (മത്തായി 19:14).

ഒരു യുവാവ് അല്ലെങ്കിൽ രക്ഷാവഴി മനസ്സിലാക്കുവാൻ കഴിവുള്ളയാൾ, താൻ ദൈവമുൻപാകെ പാപം ചെയ്തു എന്ന് അറിയുന്നയാൾ, ഇപ്പോൾ ദൈവത്തിന്റെ രക്ഷാപദ്ധതി അനുസരിക്കേണ്ടതാണ്.

**"ഞാൻ എന്തു ചെയ്യേണം?"**

നമ്മുടെ പഠനത്തിൽ ഒരു ക്രിസ്ത്യാനിയാകുന്നതെങ്ങനെ എന്നു നിങ്ങൾ കണ്ടുകഴിഞ്ഞു. യേശു ദൈവപുത്രനെന്ന വസ്തുത തിരുവെഴുത്തുകളുടെ തെളിവും സാക്ഷ്യവും സ്വീകരിച്ചുകൊണ്ട് നിങ്ങൾക്ക് ക്രിസ്ത്യാനിയാകാം. ലോകത്തിൽവെച്ച് ഏകസത്യവും, കൃത്യവുമായ പുസ്തകം, ബൈബിൾ, നിങ്ങളോട് യേശുവിനെ അറിയിക്കുകയും അവൻ ലോകത്തിലേക്കുവന്നത് എന്തിനെന്ന് എന്നും വെളിപ്പെടുത്തുന്നു. ഈ സന്ദേശം നിങ്ങൾ സ്വീകരിക്കുന്നുവോ? സ്വീകരിക്കുന്നുവെങ്കിൽ, പിന്നെ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ നിന്ന് നിങ്ങളെ രക്ഷിപ്പാൻ വന്ന ദൈവപുത്രനായ യേശുവിൽ വിശ്വസിക്കുകയും ഒരു ദൈവപൈതലായിത്തീരുവാനുള്ള സാധ്യത ഉപയുക്തമാക്കുകയും വേണം.

നിങ്ങൾ നിങ്ങളോട് ചോദിക്കുക, "ഞാൻ എന്റെ പാപങ്ങ

ളിൽനിന്ന് തിരിഞ്ഞിട്ടുണ്ടോ?" നിങ്ങൾ ഒരിക്കലും ഈ ലോകത്തിൽ പൂർണ്ണരാകുകയില്ല, എന്നാൽ മാനസാന്തരപ്പെട്ട് പാപത്തെ ഉപേക്ഷിച്ച് നിങ്ങൾ ജീവിതം ആത്മാർത്ഥമായി ഇപ്പോൾ മുതൽ കർത്താവിന്റെ വചനത്തെ അനുസരിക്കുക. നിങ്ങളുടെ വാസ്തവത്തിലുള്ള മാനസാന്തരശേഷം, യേശു നിങ്ങളുടെ കർത്താവായും തിരുവചനം നിങ്ങളുടെ സഹായപുസ്തകമായും തീരും.

പിന്നെ പാപങ്ങളുടെ മോചനത്തിനായി നിങ്ങളെ സ്നാനം കഴിപ്പിക്കുവാൻ ആരെയെങ്കിലും കണ്ടെത്തണം. നിങ്ങളുടെ സമൂഹത്തിൽ ഒരു ക്രിസ്തുവിന്റെ സഭ കണ്ടേക്കാം. അങ്ങനെയെങ്കിൽ, അവിടെയുള്ളവർ അവിടത്തെ ക്രിസ്ത്യാനികളെ കണ്ട് നിങ്ങളെ പരിചയപ്പെടുത്തുക അങ്ങനെ ആ ക്രിസ്ത്യാനികൾ നിങ്ങളെ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം കഴിപ്പിക്കും. നിങ്ങളെ ആ ക്രിസ്ത്യാനിക്ക് പരിചയപ്പെടുത്തുമ്പോൾ, നിങ്ങൾ യേശുവിനെ ക്രിസ്തുവായി ഏറ്റുപറയണം എന്ന ആഗ്രഹം പ്രകടിപ്പിക്കുക തുടർന്ന് അയാൾ നിങ്ങളെ ക്രിസ്തുവിന്റെ ആത്മീയ ശരീരമായ സഭയിലേക്ക് പ്രവേശിക്കുന്നതിനും പാപങ്ങളുടെ മോചനത്തിനുമായി സ്നാനം കഴിപ്പിക്കുവാൻ അയാൾക്ക് സന്തോഷമേ ഉണ്ടാകൂ.

**"എനിക്ക് എങ്ങനെ ക്രിസ്തുവിന്റെ സഭ കണ്ടെത്താൻകഴിയും?"**

മതപരമായ കലക്കമുള്ള ഈ സമയത്ത്, കർത്താവിന്റെ സഭയിലേക്ക് പ്രവേശിച്ചവരായ കർത്താവിന്റെ സഭയായിത്തുടരുന്ന ഒരു കൂട്ടം ആളുകളെ കണ്ടെത്താൻ തീർച്ചയായും നിങ്ങൾ ആഗ്രഹിക്കണം. അവരെ തിരിച്ചറിയുവാൻ അവർ തങ്ങളെ എന്തുവിളിക്കുന്നു എന്ന് ശ്രദ്ധിക്കുക. അവർ ഏതെങ്കിലും ഒരു മനുഷ്യനിർമ്മിത പേർ സ്വീകരിക്കുകയില്ല. അവരെ ക്രിസ്തുവിന്റെ സഭ എന്നോ അല്ലെങ്കിൽ ക്രിസ്തുവിന്റെ സഭയ്ക്ക് തിരുവെഴുത്തിലുള്ള മറ്റേതെങ്കിലും നാമമോ എടുത്തേക്കാം. അവർ ബൈബിളിൽ സഭയ്ക്ക് പറഞ്ഞിട്ടുള്ള നാമങ്ങളാലല്ല അറിയപ്പെടുന്നതെങ്കിൽ, അവർ ഏതെങ്കിലും നാമധേയവിഭാഗത്തിന്റെ ഭാഗമാണെങ്കിൽ അതുകൊണ്ട് അവർ കർത്താവിന്റെ സഭയിൽനിന്നും വ്യത്യസ്തരാണെന്നും അറിയാം.

ഒരു സഭ ക്രിസ്തുവിന്റെ സഭയാണോ എന്നറിയുവാൻ ഉള്ള മറ്റൊരു വഴി അവർ ദൈവത്തിന്റെ വചനം അനുസരിച്ചാണോ പോകുന്നത് എന്ന് പരിശോധിക്കുകയാണ്. അവരുടെ ലക്ഷ്യവും ഉദ്ദേശവും മനസ്സിലാക്കുവാൻ ഇതാ ഏതാനും ചോദ്യങ്ങൾ അവ

രോട് ചോദിക്കാം:

നിങ്ങൾ പുതിയനിയമത്തിലെ ലളിതമായ സഭയായിത്തീരുവാൻ ശ്രമിച്ചിട്ടുണ്ടോ?
സ്നേഹം, കരുണ, ഐക്യത, മനസ്സലിവ്, സമൂഹത്തോടുള്ള സേവനം എന്നിവ നിങ്ങൾ പരിശീലിച്ചിട്ടുണ്ടോ?
നിങ്ങൾ ഞായറാഴ്ച ആരാധിക്കുവാൻ കൂടിവരുമ്പോൾ, നിങ്ങളുടെ ആരാധന എങ്ങനെയായിരിക്കും?
നിങ്ങൾ ആഴ്ച്ചവട്ടത്തിന്റെ എല്ലാ ഒന്നാംനാളിലും (ഓരോ ഞായറാഴ്ച്ചയും), പ്രവൃത്തി 20:7 ലേതുപോലെ കർത്തൃമേശയിൽ പങ്കെടുക്കാറുണ്ടോ?
പുതിയനിയമ മാതൃകപ്രകാരം ഉപകരണങ്ങൾ കൂടാതെയാണോ നിങ്ങൾ പാട്ടുപാടുന്നത്?
നിങ്ങൾ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കാറുണ്ടോ?
നിങ്ങളുടെ ഏകപ്രമാണവും സഹായിയുമായ ബൈബിൾ മാത്രമായി നിങ്ങൾ ബൈബിൾ പഠിക്കാറുണ്ടോ?
നിങ്ങളുടെ പ്രാപ്തി അനുസരിച്ച് നിങ്ങൾ ഓരോ ഞായറാഴ്ച്ചയും ധർമ്മ ശേഖരത്തിൽ നൽകാറുണ്ടോ ( 1 കൊരിന്ത്യർ 16:1, 2)?
നിങ്ങൾ ഒരു സഭയായി എങ്ങനെ സംഘടിച്ചു? നിങ്ങൾക്ക് ഉപദേഷ്ടാക്കന്മാർ, സുവിശേഷകന്മാർ, മൂപ്പന്മാർ, ശുശ്രൂഷകന്മാർ എന്നിവരല്ലാതെ മറ്റു രീതിയിലാണോ സംഘടിപ്പിച്ചത്?
നിങ്ങൾക്ക് ഭൂമിയിൽ തലസ്ഥാനമാണോ, അല്ലെങ്കിൽ ക്രിസ്തു മാത്രം നിങ്ങളുടെ തലയായിട്ടാണോ കാണുന്നത്?
ഈ ലോകത്തിൽ നിങ്ങളുടെ ദൗത്യമെന്താണ്: നിങ്ങൾ നമ്മുടെ കർത്താവിന്റെ മഹത്തായ ആജ്ഞ നിറവേറ്റുവാൻ ശ്രമിക്കുന്നുണ്ടോ (മത്തായി 28:19, 20)?

അവർ ആരാണെന്ന് അറിയുവാൻ, നിങ്ങൾ ബുദ്ധിപരമായി ഈ ചോദ്യങ്ങൾ ചോദിക്കും, നിങ്ങൾ ഒരു നാമധേയവിഭാഗത്തിൽ അംഗമായിട്ടല്ല, കർത്താവിന്റെ സഭയിൽ അംഗമാകുവാനാണ് ആഗ്രഹിക്കേണ്ടത്. (അനുബന്ധം 2 ലെ ചാർട്ടിൽ പറഞ്ഞിരിക്കുന്ന “ബൈബിൾ അനുസരിച്ചു എങ്ങനെ ഒരു പുരിയനിയമ ഇടവക ആരംഭിക്കാം” എന്നതു നോക്കുക.)

നിങ്ങൾ ഒരു ക്രിസ്തുവിന്റെ സഭ അവിടെ കണ്ടില്ലെങ്കിൽ,

നിങ്ങൾ ഒന്നാരംഭിക്കണം. അതെങ്ങനെ ചെയ്യാമെന്ന് ഇതാ ഒരു ഉദാഹരണം. സത്യദൈവത്തെ സേവിക്കുവാൻ താല്പര്യമുള്ള ആത്മാർത്ഥതയുള്ള ഒരാളെ കണ്ടെത്തുക. അയാൾ തന്റെ ബൈബിൾ വായിക്കുന്നതോടൊപ്പം ഈ പുസ്തകവും വായിക്കുവാൻ നൽകുക. പിന്നെ അയാളോട് ക്രിസ്ത്യാനിയായിത്തീർന്ന് നിങ്ങളോടൊപ്പം ആ സമൂഹത്തിൽ കർത്താവിന്റെ സഭയായി തീരുവാൻ ആഗ്രഹമുണ്ടോ എന്ന് ചോദിക്കുക. അയാൾ ക്രിസ്തുവിനെ അനുഗമിക്കുന്നുവെങ്കിൽ, നിങ്ങൾക്കയാളെ സ്നാനം കഴിപ്പിക്കാം. അത് അടുത്തുള്ള അരുവിയിലോ, തടാകത്തിലോ, അല്ലെങ്കിൽ കുളത്തിലോ ആകാം. (എവിടെയാണോ സ്നാനമേല്പിക്കുന്നതിന് മതിയായ വെള്ളം ഉള്ളത്.)


നിങ്ങൾ അയാളെ സ്നാനം ഏല്പ്പിക്കുമ്പോൾ, തിരുവെഴുത്തിലെ മൂന്നു കല്പനകൾ നിറവേറ്റിയോ എന്ന് ഉറപ്പു വരുത്തുക. ആദ്യം, ഈ ചോദ്യം ചോദിക്കുക: "യേശുക്രിസ്തു ദൈവപുത്രനാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?" ഈ കല്പന റോമർ 10:10-ൽ കാണാം. യേശു ദൈവപുത്രനാണെന്ന വിശ്വാസം അയാൾ ഉറപ്പിക്കണം.

രണ്ട്, നിങ്ങൾ സ്നാനപ്പെടുത്തുന്നത് അയാളെ ക്രിസ്തുവിന്റെ ശരീരമായ - സഭയോട് - പാപങ്ങളുടെ മോചനത്തിനായിട്ടാണെന്ന് തീർച്ചയാക്കണം. അതുകൊണ്ട്, അയാളെ നിങ്ങൾ സ്നാനപ്പെടുത്തുന്നതിനുമുമ്പ്, എന്താണ് സംഭവിക്കുന്നതെന്ന് ഉറക്കെ പറയുക, അവിടെ കൂടി ഇരിക്കുന്നവരുടെ ഉപകാരത്തിലും അയാളെ ഓർമ്മിക്കുന്നതിനും കൂടെയാണ്. ഇതെങ്ങനെ കഴിയും എന്ന് ഉദാഹരണസഹിതം നോക്കുക (മത്തായി 28:19, 20; റോമർ 6:3; പ്രവൃത്തികൾ 2:38; മർക്കൊസ് 16:16):


> ക്രിസ്തുവിന്റെ കല്പന അനുസരിച്ച് യേശുക്രിസ്തുവിന്റെ രക്തം മുഖാന്തരം പാപങ്ങളുടെ മോചനത്തിനായി, പുതിയ നിയമസഭയായ, ക്രിസ്തുവിന്റെ ആത്മീയശരീരത്തിലേക്ക് പ്രവേശിക്കുവാൻ, പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ഞാൻ നിന്നെ സ്നാനം കഴിപ്പിക്കുന്നു.

മൂന്ന്, നിങ്ങൾ അയാളെ സ്നാനപ്പെടുത്തുമ്പോൾ, അയാളെ മുഴുവനായി നിമഞ്ജനം ചെയ്തു എന്ന് ഉറപ്പുവരുത്തുക. ഓർമ്മിക്കുക, പുതിയനിയമസ്നാനം വെള്ളത്തിലുള്ള അടക്കമാണ് (റോമർ 6:4). ഇതാ എങ്ങനെയാണ് സ്നാനപ്പെടുത്തുന്നത് എന്ന

തിന് ചില ചിത്രീകരണങ്ങൾ:



*നിരപ്പായ പ്രതലത്തിൽ, സ്നാനമേല്ക്കുന്ന വ്യക്തി ഇരുന്ന്മലർന്ന് ചരിയുകയും ശരീരം മുഴുവൻ വെള്ളത്തിൽ അടക്കം ചെയ്യുന്നതുമാണ് ഇത്.*



*സ്നാനമേല്ക്കുന്ന വ്യക്തി ആഴമുള്ള വെള്ളത്തിൽമലർന്ന്നിന്ന് പുറകിലോട്ട് ചരിഞ്ഞ് സ്നാനമേല്ക്കുന്നതാണ് ഇത്.*

ഒരിക്കൽ നിങ്ങൾ അയാളെ സ്നാനപ്പെടുത്തിയാൽ, ഇതേരീതിയിൽതന്നെ ചോദ്യം ചോദിക്കുകയും, നിങ്ങൾ അയാളെ സ്നാനപ്പെടുത്തുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾ സ്നാനമേറ്റപ്പോൾ ചെയ്തതുപോലെ, വ്യക്തമാക്കുകയും വേണം.

നിങ്ങളുടെ സ്നാനശേഷം, ഒരു ക്രിസ്ത്യാനിയായി, കർത്താവിന്റെ സഭയിലെ അംഗവുമായി. മുമ്പ് ആ സമൂഹത്തിൽ കർത്താവിന്റെ സഭ ഇല്ലായിരുന്നുവെങ്കിലും, ഇപ്പോൾ - നിങ്ങൾ ക്രിസ്തുവിന്റെ സഭയായി! നിങ്ങൾ ഒരു ക്രിസ്ത്യാനിയായിത്തീർന്നതിലൂടെ നിങ്ങൾ ആയിരിക്കുന്ന സ്ഥലത്ത് കർത്താവിന്റെ സഭ ആരംഭിച്ചു കഴിഞ്ഞു.

## ചുവട് 2: ഒരു ക്രിസ്ത്യാനിയായി ജീവിക്കൽ

തീർച്ചയായും, രണ്ടാമത്തെ ചുവട് നിങ്ങൾ എടുക്കേണ്ടത് തുടർച്ചയായ, ഒരിക്കലും - അവസാനിക്കാത്ത ചുവട് ആയ - ഒന്നാണ് ക്രിസ്തീയജീവിതം ജീവിക്കുക എന്നത്. നിങ്ങൾ ഇപ്പോൾ ഒരു ക്രിസ്ത്യാനിയായി, അങ്ങനെതന്നെ ജീവിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു. (അനുബന്ധം 2 ലെ "മൂപ്പന്മാർ എന്തായിരിക്കേണമോ, എല്ലാ ക്രിസ്ത്യാനികളും അതുപോലെ ആകണം" എന്ന ചാർട്ട് നോക്കുക.)

എങ്ങനെയാണ് ഒരു ക്രിസ്ത്യാനിയായി ജീവിക്കേണ്ടത്? അവന്റെ പേരിൽ അടങ്ങിയിരിക്കുന്നത് ഒരു ക്രിസ്ത്യാനി തന്റെ

ജീവിതത്തിൽ ചുരുക്കമായി എടുക്കുക എന്നതാണ് ഒരു നല്ല വഴി: ക്രിസ്തുവിന്റെ ഒരു അനുയായി. അവൻ ഒരു ക്രിസ്ത്യാനിയാണ്, ക്രിസ്തു ജീവിച്ച വഴിയിൽ ജീവിക്കുന്നവനാണ് (ഫിലിപ്പിയർ 1:21). ഒരു ക്രിസ്ത്യാനിക്ക് ജീവിതം ക്രിസ്തുവാണ്.

## തിരുവെഴുത്തുകളെ പരിശോധിക്കൽ

ക്രിസ്തുവിനെ അനുഗമിക്കുന്ന ആരെയും ഒരു സുപ്രധാന ഗുണത്താൽ തിരിച്ചറിയാം: പിതാവിന്റെ ഇഷ്ടത്തിന് കീഴ്പ്പെടുന്നത്. എല്ലാ വിധത്തിലും യേശു പൂർണ്ണനായിരുന്നു, എന്നാൽ അവന്റെ ജീവിതത്തിലെ ഒരു സ്വഭാവം എനിക്കും നിങ്ങൾക്കും അനുകരിക്കാൻ പറ്റുന്നത് വിശ്വസ്തമായി പിതാവിനെ അനുസരിക്കുന്നതാണ്. പിന്നെ, ക്രിസ്തീയജീവിതം ദൈവേഷ്ടം അറിയുവാൻ തിരുവെഴുത്തുകൾ താഴ്മയോടെ, ആദരവോടെ, സ്നേഹത്തോടെ അനുസരിക്കുവാൻ വേണ്ടിയാവണം. ഒരു ക്രിസ്ത്യാനി ദൈവവചനത്തോട് അടുത്തിരിക്കും. അവന് അത് ദിവസേന വായിക്കുകയും അതിൽനിന്ന് പഠിക്കുന്നത് പരിശീലിക്കുവാൻ ശ്രമിക്കുകയും ചെയ്യും.

## യേശുവിന്റെ ജീവിതശൈലി അനുകരിക്കാൻ ശ്രമിക്കൽ

നമ്മുടെ യേശുവിന് വേണ്ടിയുള്ള ജീവിതത്തിൽ സഹായകരമായ മൂന്നു മറ്റു തത്വങ്ങൾ "സുവർണ്ണനിയമം," മനസ്സലിവ്, പ്രാർത്ഥന എന്നിവയാണ്. യേശുവിനെ അനുഗമിക്കുവാനുള്ള നല്ലൊരു മാർഗ്ഗം നമ്മോടുതന്നെ എപ്പോഴും ചോദിക്കുക, "എന്നെ എങ്ങനെ കരുതുവാനാണ് ഞാൻ ഇച്ഛിക്കുന്നത്?" നമ്മോടു എങ്ങനെ ആളുകൾ പെരുമാറണമെന്ന് നാം തീരുമാനിക്കുമ്പോൾ "സുവർണ്ണനിയമം" (മത്തായി 7:12) മറ്റുള്ളവരുടേതാണ്. ഈ നിയമമായിരുന്നു ക്രിസ്തുവിന്റെ ജീവിതശൈലിയും, ഈ ലോകത്തിൽ ജീവിക്കുവാനുള്ള ഏറ്റവും നല്ല വഴി.

യേശു മനസ്സലിവുള്ളവനായിരുന്നു. "മനസ്സലിവ്" എന്നതിനർത്ഥം മറ്റുള്ളവരോടുള്ള "തോന്നൽ." യേശു ദരിദ്രരെ, ആവശ്യമുള്ളവരെ, ഏകരായവരെ സ്നേഹിച്ചു. അവന്റെ ഹൃദയം അവരിലേക്ക് ചെന്നു. അവൻ അവരെ ശുശ്രൂഷിച്ചു. അതുകൊണ്ട്, ഒരു ക്രിസ്ത്യാനി മറ്റുള്ളവരെക്കുറിച്ച് കരുതലുള്ളവനാകയും തുടർച്ചയായി ആ സ്നേഹം കഴിവതും അവരെ സഹായിക്കുന്നതുമാകണം (മത്തായി 9:36).

യേശു ദൈവപുത്രനായിരുന്നുവെങ്കിലും, അവൻ പലപ്പോഴും

ദൈവത്തോടു പ്രാർത്ഥിച്ചു - രഹസ്യമായും, പരസ്യമായും, ചെറു കൂട്ടത്തിലും. ഒരു ക്രിസ്ത്യാനിയും ദൈവത്തോടു തുടർച്ചയായി പ്രാർത്ഥിക്കണം.

നിങ്ങൾ ഇപ്പോൾ ഒരു ക്രിസ്ത്യാനിയാകകൊണ്ടു, ദൈവമാണ് നിങ്ങളുടെ പിതാവ്. നിങ്ങൾ അവന് സ്വന്തമാണെന്ന് അവൻ പറഞ്ഞിരിക്കുന്നു. വിശ്വാസഹൃദയത്തോടുകൂടി അവനോടു നിരന്തരമായി പ്രാർത്ഥിക്കുക. നിങ്ങളുടെ ജീവിതത്തിൽ അവന്റെ ഇഷ്ടം ചെയ്യുവാൻ ആവശ്യപ്പെടുക, പ്രാർത്ഥിക്കേണ്ടത് യേശുവിന്റെ നാമത്തിൽ. നിങ്ങൾ എങ്ങനെ ദൈവത്തോടു പ്രാർത്ഥിക്കണമെന്നതിന് ഇതാ ഒരുദാഹരണം:

*ദൈവത്തെ സംബോധന ചെയ്യുക:* പ്രിയ പിതാവേ,
*അവനെ പുകഴ്ത്തുക:* നിന്റെ നാമം മഹത്വീകരിക്കപ്പെടട്ടെ.
*അവന് നന്ദി പറയുക:* നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നിങ്ങൾ എത്രത്തോളം നന്ദിയുള്ളവരാകണം ... (അവയിൽ ചിലത് പേരെടുത്തു പറയുക.)
*അവനോടു അപേക്ഷിക്കുക:* ഇവിടെ നമ്മുടെ ആവശ്യങ്ങൾ നമുക്ക് അവനോടു പറയാം. ആ ആവശ്യങ്ങൾ അവന്റെ ഇഷ്ടത്തോടു യോജിക്കുന്നുവെങ്കിൽ.
*അവനോടു അപേക്ഷിക്കുക:* ഞങ്ങൾ മറ്റുള്ളവരോടു ക്ഷമിച്ചതു പോലെ ഞങ്ങളോടും ക്ഷമിക്കേണമേ. ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ.
*അവനെ പുകഴ്ത്തുക:* എല്ലാ മഹത്വവും നിനക്ക് തന്നെ ആകട്ടെ.
*അവസാനിപ്പിക്കുക*: യേശുവിന്റെ നാമത്തിൽ നിന്നോടു പ്രാർത്ഥിക്കുന്നു. ആമേൻ.

നിങ്ങൾ ഒരുപക്ഷെ കർത്താവ് ശിക്ഷ്യന്മാരെ മത്തായി 6:9-13-ൽ പഠിപ്പിച്ച മാതൃകാപ്രാർത്ഥനയുടെ ഭാഗമായി ഇതിനെ തിരിച്ചറിഞ്ഞേക്കാം. അവന്റെ പ്രാർത്ഥനയുടെ ഒരു ഭാഗം നമ്മെ ബാധിക്കുന്നതല്ല (ഉദാഹരണമായി, രാജ്യം വരേണമേ എന്ന ഭാഗം, കാരണം രാജ്യം പെന്തെകൊസ്തുനാളിൽ വന്നുകഴിഞ്ഞു), എന്നാൽ അധികവും നമ്മെബാധിക്കുന്നതാണ്. ഓർമ്മിക്കുക, ഇവിടെ നൽകിയ മാതൃക വെറും സാമ്പിൾ മാത്രമാണ് അത് നിങ്ങൾക്കു ചിന്തിക്കുവാൻ ഒരു ക്രമം ദൈവത്തോടുള്ള ചിന്ത

യിൽ പ്രകടിപ്പിക്കാൻ തരുന്നു എന്നുമാത്രം.

ഈ സത്യം നമുക്ക് ഊന്നിപ്പറയാം: നിങ്ങൾ പൂർണ്ണരാകുകയില്ല. മനുഷ്യർക്ക് പൂർണ്ണരാകുവാൻ കഴിയുകയില്ല, എന്നാൽ നമുക്ക് അവന്റെ ഇഷ്ടം ചെയ്യുവാൻ നമ്മുടെ ഹൃദയങ്ങളെ സമർപ്പിക്കാം. നാം പരാജയപ്പെടുമ്പോൾ എഴുന്നേറ്റ്, പൊടി തട്ടിക്കളഞ്ഞ്, മാനസാന്തരപ്പെടുകയും ദൈവത്തോട് ക്ഷമ യാചിക്കുകയും, അവന്റെ ഇഷ്ടം ചെയ്യുവാൻ വീണ്ടും തുടരുകയും ചെയ്യാം. പ്രധാനകാര്യം എന്തെന്നാൽ നാം അവന്റെ ഇഷ്ടം ചെയ്യുവാൻ ബദ്ധപ്പെടുകയാണ്. നാം ദൈവത്തിന്റെ കൃപയാൽ - വിശ്വാസംമൂലം പൂർണ്ണതയാലല്ല രക്ഷിക്കപ്പെടുന്നത് (എഫെസ്യർ 2:8) വിശ്വാസം ഉണ്ടാകുക എന്നാൽ സത്യസന്ധമായി അവന്റെ ഇഷ്ടം ചെയ്യുവാൻ ശ്രമിക്കുക എന്നതാണ്.

അത്തരത്തിൽ നാം പരാജയപ്പെട്ട് മറ്റുള്ളവരെ വേദനിപ്പിക്കുമ്പോൾ, നമുക്ക് അവരോട് ക്ഷമ യാചിക്കുകയും നാം ദു:ഖിക്കുന്നതായി അവരോടു പറയുകയും ഭാവിയിൽ നാം നന്നാകുമെന്ന് ഉറപ്പു കൊടുക്കുകയും വേണം (യാക്കൊബ് 5:16). നാം പാപം ചെയ്തത് സഭയെ മുഴുവൻ വൃണപ്പെടുത്തിയെങ്കിൽ, നമുക്കു സഭയുടെ മുമ്പാകെ ചെന്ന്, ക്ഷമ ചോദിക്കാം, നമ്മുടെ ക്രിസ്തുവിലുള്ള സഹോദരീസഹോദരന്മാരോട് നമുക്കുവേണ്ടി പ്രാർത്ഥിപ്പാൻ ആവശ്യപ്പെടുകയും ചെയ്യാം (യാക്കൊബ് 5:16). ദൈവം നമ്മോടു ക്ഷമിക്കുകയും, സഭ നമ്മോടു ക്ഷമിക്കുകയും ചെയ്യും.

നിങ്ങൾ ക്രിസ്ത്യാനിയായിത്തീർന്ന് ജീവിതം തുടങ്ങുമ്പോൾ നിങ്ങൾ വായിക്കേണ്ട പുതിയനിയമ തിരുവെഴുത്തു ഭാഗങ്ങൾ - മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ - ക്രിസ്തുവിന്റെ ജീവിതം എന്നിവയാണ്. ഈ വായനയും പഠനവും നിങ്ങൾക്ക് യേശു ഭൂമിയിൽ എങ്ങനെ ജീവിച്ചുവെന്ന് അറിയുവാൻ കഴിയും. നിങ്ങൾ അവനെ കുറിച്ചു പഠിക്കുന്നവയെല്ലാം അവനോടു കൂടുതൽ അടുത്ത് അവനെ പിൻപറ്റുവാൻ സഹായിക്കും.

## ചുവട് 3: ദൈവത്തെ ആരാധിക്കൽ

ഒരു ക്രിസ്ത്യാനി ആയിത്തീരുവാൻ ആഗ്രഹിക്കുന്ന നിങ്ങൾ എടുക്കേണ്ട മൂന്നാമത്തെ ചുവട് നിരന്തരമായി ആദരിക്കാൻ തുടങ്ങുക എന്നതാണ്. നിങ്ങളുടെ അടുത്ത് ക്രിസ്തുവിന്റെ സഭ ഉണ്ടെങ്കിൽ, നിങ്ങൾ അവരോടൊത്ത് ഞായറാഴ്ച്ചയും ഇട ദിവസങ്ങ

ളിലും കൂടി വരാൻ ആഗ്രഹിക്കുന്നു എങ്കിൽ, ഓരോ ഞായറാഴ്ച്ചയും അവർ കൂടി വന്ന് പാടുകയും, പ്രാർത്ഥിക്കയും, ദൈവ വചനം പഠിക്കയും, കർത്തൃമേശ എടുക്കയും അവരുടെ പ്രാപ്തിയനുസരിച്ച് ധർമ്മശേഖരം നടത്തുമ്പോഴും നിങ്ങൾ ആരാധന ഭാഗങ്ങളായ ഇവയിലെല്ലാം സജീവമായി പങ്കെടുക്കണം (151-ാം പേജ് നോക്കുക).

നിങ്ങളുടെ സമൂഹത്തിൽ കർത്താവിന്റെ സഭ കൂടി വരുന്നില്ലെങ്കിൽ നിങ്ങൾക്കു തുടർച്ചയായി, വിശ്വസ്തമായി നിങ്ങളുടെ വീട്ടിൽ ദൈവത്തെ ആരാധിക്കാം, ഒഴിവുള്ള ഏതെങ്കിലും കെട്ടിടത്തിൽ, അല്ലെങ്കിൽ മരത്തണലിലും കൂടിവരാം. സമയവും, പണവും അനുവദിച്ചാൽ ഒരു കെട്ടിടം സഭയുടെ കൂടിവരവിനും മറ്റാവശ്യങ്ങൾക്കും പണിയുകയുമാവാം. രണ്ടോ മൂന്നോ പേർ യേശുക്രിസ്തുവിന്റെ നാമത്തിൽ എവിടെ കൂടിവന്നാലും അവിടെ വചനപ്രകാരം, ആരാധിക്കാം എന്നു പുതിയ നിയമം പറയുന്നു (മത്തായി 18:20).

## സഭയായി കൂടിവരൽ

പുതിയ നിയമത്തിൽ ആദ്യ ക്രിസ്ത്യാനികൾ കൂടിവന്നിരുന്നതു ഞായറാഴ്ച്ച അഥവാ, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആയിരുന്നു. ഈ ദിവസമായിരുന്നു യേശു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റത്. ആദ്യ ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടി വന്നപ്പോൾ, യേശു തന്റെ മരണത്തിന്റേയും ഉയിർപ്പിന്റേയും ഓർമ്മക്കായി കർത്തൃ മേശ കർത്താവു സ്ഥാപിച്ചു കൊടുത്തത് അവർ ആചരിച്ചിരുന്നു. അവർ ഓരോ ഞായറാഴ്ച്ചയും അവർ ഇതിൽ നിന്നു പങ്കെടുത്തിരുന്നു എന്നു വ്യക്തമാക്കിയിരുന്നു. ഓരോ കർത്തൃ ദിവസവും അവർ "കർത്താവിന്റെ അത്താഴം" കഴിച്ചിരുന്നു (1 കൊരിന്ത്യർ 11:20), വളരെ ശ്രദ്ധിച്ച് എബ്രായർ 10:25; 1 കൊരിന്ത്യർ 11:22; 16:1, 2; പ്രവൃത്തികൾ 20:7 എന്നിവ വായിക്കുക.

## കർത്താവിന്റെ മേശ ആചരിക്കൽ

യേശുക്രിസ്തു കർത്തൃ മേശ സ്ഥാപിച്ചു കൊടുത്തപ്പോൾ അവൻ രണ്ടു മൂലകങ്ങൾകൊണ്ട് ഉപയോഗിച്ചിരുന്നത്. പുളിപ്പില്ലാത്ത അപ്പവും മുന്തിരിവള്ളിയുടെ അനുഭവവും ഈ മേശയിൽ നിന്നു പങ്കെടുക്കുവാൻ നമ്മുടെ കർത്താവു ശിഷ്യന്മാരോട് പറഞ്ഞപ്പോൾ അവൻ പെസഹ ആയിരുന്നു ഭക്ഷിച്ചത്. പെസഹ

അത്താഴമാക്കി കഴിച്ചിരുന്നതു പുളിപ്പില്ലാത്ത അപ്പവും മുന്തിരി വള്ളിയുടെ ഫലവും (ഏതെങ്കിലും മുന്തിരിങ്ങ പിഴിഞ്ഞ നീര്) വെള്ളവുമായിരുന്നു. അവരുടെ പാപങ്ങൾക്കു വേണ്ടി നുറുക്കു വാനിരിക്കുന്ന ശരീരത്തിന്റെ ഓർമ്മക്കായി അപ്പത്തിൽ നിന്നു ഭക്ഷിക്കുവാൻ അവൻ പറഞ്ഞു അവൻ അവർക്കു വേണ്ടി ചിന്തിയ രക്തത്തിന്റെ ഓർമ്മക്കായി, മുന്തിരിവള്ളിയുടെ ഫല ത്തിൽ നിന്ന് കുടിപ്പാൻ അവൻ പറഞ്ഞു.

നിങ്ങൾ കർത്താവിന്റെ നിർദ്ദേശങ്ങളും പ്രവൃത്തികളുടെ പുസ്തകത്തിലെ ക്രിസ്ത്യാനികളുടെ മാതൃകയും നിങ്ങൾ പിൻപ റ്റണം. ഓരോ ഞായറാഴ്ച്ചയും, ക്രിസ്തുവിനെ അനുസരിച്ചിരിക്കു ന്നവർ ആരാധിക്കുവാൻ കൂടി വരണം. നിങ്ങൾ പാട്ടു പാടുകയും, പ്രാർത്ഥിക്കയും ദൈവ വചനം പഠിക്കയും വേണം. ആരാധനയുടെ ഏതെങ്കിലും ഒരു സമയത്ത്, യേശു നിങ്ങൾക്കു നൽകിയ കർത്തൃ മേശയിൽ നിന്നു പങ്കിടുക. ഒരു പ്ലെയിറ്റിൽ പുളിപ്പില്ലാത്ത അപ്പം എടുക്കുക. അപ്പത്തിന്റെ അനുഗ്രഹത്തിനായി ദൈവത്തോട് പ്രാർത്ഥിക്കുക. യേശുക്രിസ്തുവിന്റെ വലിയ ത്യാഗത്തിനും ശരീ രത്തെ പ്രതിധാനം ചെയ്യുന്ന അപ്പത്തിനും നന്ദി പറയുക. പിന്നെ, അതു പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ഓരോരുത്തർക്കും യേശു വിന്റെ ശരീരത്തെ ഓർമ്മിക്കുവാൻ എത്തിച്ചു കൊടുക്കുക.

അപ്പം പാചകം ചെയ്യുന്നതിനു സാധാരണ വസ്തുക്കളല്ല, ഗോതമ്പു പൊടി, വെള്ളം, ഉപ്പ്, എണ്ണ. പുളിപ്പിക്കുന്ന വസ്തു വോ, ഈസ്റ്റോ ചേർക്കാൻ പാടില്ല. നിങ്ങൾക്കു വേണ്ട രണ്ടു ചെറിയ അപ്പം ഉണ്ടാക്കുന്നതിന്റെ സാമ്പിൾ ഇതാ.

വിഭവങ്ങൾ:

1 ഗോതമ്പ് പൊടി അല്ലെങ്കിൽ ബാർലിപൊടി

1 ടീസ് പൂൺ വെള്ളം

കുറച്ച് ഉപ്പ്

3 ടീസ് പൂൺ എണ്ണ

പാചകം ചെയ്യുന്ന വിധം:

മുകളിൽ പറഞ്ഞ വസ്തുക്കളെല്ലാം കുഴച്ചു കുഴമ്പു പരുവ ത്തിൽ മാവാക്കുക. എണ്ണ പുരട്ടിയ പരന്ന പാത്രത്തിൽ പരത്തി 10 മിനിറ്റ് ഓവനിൽ $350^0$ ഫാരൻ ഹീറ്റിലോ $175^0$ സെൽഷ്യസിലോ ബേക്ക് ചെയ്യുക. പാകമായ അപ്പം തവിട്ടു നിറമായിരിക്കയില്ല. അപ്പം മൊരിയുന്നതുവരെ തീയിലും വേവിക്കാം.

രണ്ട്, മുന്തിരിവള്ളിയുടെ ഫലം ഉള്ള കപ്പോ, കപ്പുകളോ എടുക്കുക. പാനപാത്രത്തിനു നന്ദി പറഞ്ഞു പ്രാർത്ഥിക്കുക. നമ്മുടെ പാപങ്ങൾക്കു വേണ്ടി ചിന്തപ്പെട്ട വിലയേറിയ യേശുവിന്റെ രക്തത്തിനും നന്ദി ചെലുത്തണം. പിന്നെ, അതു മറ്റു ക്രിസ്ത്യാനികൾക്കു യേശുവിന്റെ രക്തത്തിന്റെ ഓർമ്മക്കായി പങ്കെടുക്കുവാൻ എത്തിച്ചു കൊടുക്കുക.

യേശു മേശ കൽപ്പിച്ചപ്പോൾ, അവൻ പറഞ്ഞു, "മുന്തിരി വള്ളിയുടെ അനുഭവം" അല്ലെങ്കിൽ മുന്തിരിച്ചാർ എന്ന്. ലോകത്തെങ്ങും ലഭിക്കുന്നതാണ് മുന്തിരിച്ചാറ്, എങ്ങനെയായാലും, നിങ്ങളുടെ പ്രദേശത്തു വാങ്ങാൻ കിട്ടുകയില്ലെങ്കിൽ, കുപ്പികളിൽ ജൂസായി ലഭിക്കും. അതു ശരിയായി കേടുവരാതെ സൂക്ഷിച്ചാൽ അതു വർഷം മുഴുവൻ കേടു കൂടാതിരിക്കും. ഉണങ്ങിയ മുന്തിരി (റേയിസിൻസ്) വെള്ളത്തിൽ തിളപ്പിച്ചും ഉപയോഗിക്കാം. തിളപ്പിച്ച് റെയിസിൻസ് മാറ്റിയാൽ, കിട്ടുന്ന നീര് കമ്മ്യൂണിയനിൽ ഉപയോഗിക്കാം.

**ചരതിച്ചു വെക്കൽ, അല്ലെങ്കിൽ നൽകൽ**

ഓരോ ക്രിസ്ത്യാനിക്കും, "ചരതിച്ചു ശേഖരിക്കണം" കർത്താവിന്റെ വേലക്കായി നൽകണം. സഭ ആരാധനക്കായി കൂടി വരുമ്പോൾ, ഓരോരുത്തനും താന്താന്റെ വരവിനനുസരിച്ചു നൽകണം എന്ന് പുതിയ നിയമം പഠിപ്പിക്കുന്നു (1 കൊരിന്ത്യർ 16:1, 2). ഈ നൽകൽ ശേഖരിക്കുന്നതിനു ഏതെങ്കിലും പാത്രമോ, ബാഗോ ദൈവത്തിനുള്ള മാനം നൽകുവാൻ ഉപയോഗിക്കാം. ഇത് ആരാധനയുടെ ഭാഗമാണെന്ന് ഓർമ്മിച്ചു കൊണ്ട് ആദരവോടും സന്തോഷത്തോടും കൂടെ നടക്കണം. ഇങ്ങനെ ശേഖരിക്കുന്നതു സഭയുടെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണം. ഉദാഹരണമായി, ഈ ശേഖരിച്ച ദാനം മറ്റുള്ളവരോട് സുവിശേഷം പ്രസംഗിക്കുവാൻ ഉപയോഗിക്കാം, ദരിദ്രരെ സഹായിക്കുവാൻ, മറ്റേതെങ്കിലും ഉചിതമായ സഭാ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാം. ശേഖരിച്ച പണം എങ്ങനെ ഉപയോഗിക്കണം എന്നു തീരുമാനിക്കുന്നതു ഒരാൾ മാത്രമല്ല സഭ ഒന്നായിട്ടായിരിക്കണം.

എങ്ങനെ ഒരു ആരാധനാ ശുശ്രൂഷ ക്രമീകരിക്കണം എന്നതിനുള്ള മാതൃക ഇതാ:

പ്രാർത്ഥന
പാട്ട്, പാട്ടുകൾ
സമർത്ഥനായ ഉപദേഷ്ടാവോ പ്രാസംഗികനോ ഉണ്ടെങ്കിൽ
പ്രസംഗം നടത്താം അല്ലെങ്കിൽ ദൈവ വചനം ചർച്ചയായും
നടത്താം
പാട്ട്
കർത്തൃമേശയെപ്പറ്റി പറയുന്ന വേദവാക്യങ്ങൾ വായിക്കൽ
കർത്തൃമേശ ആചരിക്കൽ
പാട്ട്
പ്രാപ്തിക്കനുസരിച്ചു ഓരോരുത്തരും ശേഖരിച്ചു നൽകൽ
പാട്ട്
പ്രാർത്ഥന

എങ്ങനെ ആരാധന ക്രമീകരിച്ചാലും, ഈ മൂലകങ്ങൾ എല്ലാം ആരാധനയിൽ അടങ്ങിയിരിക്കണം.

## ഇടവകയായി കൂടി വരൽ നടത്തൽ

"ഉചിതമായും ചിട്ടയായും" പ്രാദേശിക ഇടവക നടത്തുവാൻ (1 കൊരിന്ത്യർ 14:40), സമയാസമയങ്ങളിൽ പുരുഷന്മാർ കൂടി വരണം. ഇതു പ്രത്യേകിച്ച് മുപ്പന്മാരില്ലെങ്കിൽ ദൈവത്തിനു വേണ്ടി നിയമം ഉണ്ടാക്കുന്നതിനു വേണ്ടിയല്ല. ക്രിസ്തുവിനെപോലെ പ്രാദേശിക സഭയുടെ ആരാധനയും പ്രവർത്തനങ്ങളും നടത്തിക്കൊണ്ടുപോകുവാനാണ്. ആരാധനയുടെ സമയം, ആരാധനാ ശുശ്രൂഷയിൽ ആരെയെല്ലാം സഹായത്തിനു ഉൾപ്പെടുത്തണം, സൽപ്രവർത്തികൾക്കായി പദ്ധതി തയ്യാറാക്കണം, മറ്റു ആത്മിയ കാര്യങ്ങളും ചർച്ച ചെയ്യണം. മീറ്റിങ്ങിൽ പങ്കെടുക്കുന്ന ഓരോരുത്തരും ക്രിസ്തുവിന്റെ മനോഭാവം സ്വീകരിക്കണം (എഫെസ്യർ 4:1-3) ആരോ ഒരിക്കൽ പറഞ്ഞു, "എല്ലാവർക്കും അവന്റേതു പറയുവാൻ അവകാശമുണ്ട്, പക്ഷെ തന്റെ വഴി പ്രതീക്ഷിക്കുവാൻ ആർക്കും അവകാശമില്ല." ഇതു നല്ലൊരു ലക്ഷ്യമാണ്.

ഇടവകയുടെ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ, ഓരോ തീരുമാനത്തിലും ഈ ചോദ്യങ്ങൾ ചോദിക്കുക.

- അതു വചനാനുസരണമോ?
- അതു ദൈവത്തെ മഹത്വപ്പെടുത്തുമോ?

- അതു ആത്മികവർദ്ധന വരുത്തുമോ?
- അതു പ്രാവർത്തികമോ?

ഈ കൂടി വരവ് എപ്പോഴൊക്കെ ആണെന്നും അതിന്റെ സമയവും എല്ലാം എല്ലാവരും സമ്മതിക്കണം. കൂടുതൽ പുരുഷന്മാർക്കും സന്നിഹിതരാകുവാൻ പറ്റിയ സമയം ആകണം. ഈ മീറ്റിങ്ങ് നയിക്കുവാൻ പക്വതയുള്ള ഒരു ക്രിസ്ത്യാനിയെ തിരഞ്ഞെടുക്കണം. ഈ ഉത്തരവാദിത്വം എടുക്കുന്നവർ മാറിക്കൊണ്ടിരിക്കുന്നതു നല്ലതാണ്. ഇതു അധികാരമുള്ള പദവിയല്ല. പുരുഷന്മാരുടെ ഒത്തൊരുമിച്ച തീരുമാനത്താൽ നടപ്പിൽ വരുത്തേണ്ടതിനാണ്. ഈ തീരുമാനങ്ങൾ ആരെങ്കിലും രേഖപ്പെടുത്തണം. ഒരു മീറ്റിങ്ങ് ഇതു പോലെ നടത്താം:

പ്രാർത്ഥന
മുൻപു തീരുമാനിച്ചവ - കഴിഞ്ഞ തവണ നിർത്തിയതു മുതൽ ആരംഭിക്കാം; കൈവരിച്ച പുരോഗതി വിവരിക്കയും ഏൽപിച്ച ഉത്തരവാ ദിത്വങ്ങൾ
പുതിയ തീരുമാനങ്ങൾ - ആവശ്യങ്ങളെ പരിഗണിക്കൽ, ഭാവി പരി പാടികൾ നടപടി ക്രമങ്ങൾ, ആത്മിയ കരുതലുകൾ
പ്രാർത്ഥന

## ദിവസവും ദൈവത്തെ ആരാധിക്കൽ.

നിങ്ങളുടെ ഭൗതിക കുടുംബമൊത്ത് നിങ്ങളുടെ ഹൃദയത്തിൽ ദിവസവും ദൈവത്തെ ആരാധിക്കുവാൻ നിങ്ങൾ ഇഛരിച്ചേക്കാം. ഓരോ ആഹാര സമയത്തും, ദൈവത്തോട് പ്രാർത്ഥിക്കുക, നിങ്ങൾക്ക് അതു ഭക്ഷിപ്പാൻ തന്ന ദൈവത്തിനു നന്ദി പറയുക. കുടുംബമായി എന്നും പ്രാർത്ഥിക്കുക, അവൻ നിങ്ങൾക്കു ചെയ്ത ഉപകാരങ്ങൾക്കു നന്ദി പറയുകയും ആവശ്യങ്ങൾ ദൈവത്തോട് അറിയിക്കയും ചെയ്യുക.

തീർച്ചയായും, ഞായറാഴ്ച്ച കൂടാതെ, മറ്റവസരങ്ങളിലും ദൈവത്തെ ആരാധിക്കുവാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം. നിങ്ങൾ എപ്പോഴും ഞായറാഴ്ച്ച, ആരാധനയുടെ ഭാഗമായി കർത്തൃമേശയിൽ നിന്നു പങ്കിടുകയും ധർമ്മശേഖരത്തിന് നൽകുകയും ചെയ്യുന്നു. അതിനു പുറമെ, ആഴ്ച്ചയുടെ ഇടക്ക് ക്രിസ്തീയ

സഹോദരങ്ങളോടൊപ്പം കൂടി വരുവാനും ബൈബിൾ പഠിക്കുവാനും, പ്രാർത്ഥിപ്പാനും, പാട്ടു പാടുവാനും, നിങ്ങൾ ആഗ്രഹിക്കുന്നു. ഒരുമിച്ചു ആരാധിക്കുവാനും, അന്യോന്യം കർത്താവിൽ പ്രബോധിപ്പിക്കുവാനും ക്രിസ്ത്യാനികൾ ഒരുമിച്ച് കൂടുന്നതു പ്രധാനപ്പെട്ട ഒന്നാണ്.

ഒരു കർത്താവിന്റെ ദാസനായി, ബൈബിൾ വായിച്ച് ദിവസവും പഠിച്ച് നിങ്ങളോട് സംസാരിപ്പാൻ ദൈവത്തെ അനുവദിക്കുക. ദിവസവും പ്രാർത്ഥന മൂലവും നിങ്ങൾക്ക് അവനോട് സംസാരിക്കാം.

## ചുവട് 4: സൽ പ്രവൃത്തികൾ ചെയ്യൽ

നിങ്ങൾ എടുക്കേണ്ട നാലാമത്തെ ചുവട് കർത്താവിനെ സേവിക്കുക എന്നതാണ്. നിങ്ങൾ ഇപ്പോൾ ഒരു ക്രിസ്ത്യാനിയാണ്, ക്രിസ്തുവിനെ അനുഗമിക്കുന്നവനാകയാൽ, അവൻ ജീവിച്ചതു പോലെ ജീവിക്കുക. അവൻ നന്മ ചെയ്തുകൊണ്ടിരുന്നു എന്നാണ് നാം വായിക്കുന്നത് (പ്രവൃത്തികൾ 10:38).

### സുവിശേഷം പങ്കിടൽ

ക്രിസ്ത്യാനികൾ സുവിശേഷീകരണം, സുവിശേഷം പങ്കിടേണ്ടവരാണ്. സ്വർഗ്ഗത്തിലേക്കു പോകുന്നതിനു മുൻപ് യേശു പറഞ്ഞു "ലോകമെങ്ങും പോയി സുവിശേഷം അറിയിപ്പിൻ ..." (മർക്കൊസ് 16:15). സുവിശേഷം ഉണ്ടാകുവാനായി യേശു മരിച്ചു; ഇപ്പോൾ അതു എല്ലാവരോടും നാം പ്രസംഗിക്കണം. സുവിശേഷീകരണം ഒരു വിധത്തിൽ നടത്തുവാൻ നിങ്ങൾ ഈ പുസ്തകം മറ്റുള്ളവരോട് വായിക്കുവാൻ പറയുന്നതാണ്. അവർ ക്രിസ്ത്യാനികളാകുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. മറ്റുള്ളവരെ ക്രിസ്തുവിലേക്കു അടുപ്പിക്കുവാൻ നമുക്ക് ആകുന്നതെല്ലാം ചെയ്യാം.

### മറ്റുള്ളവർക്ക് ആത്മിയ വർദ്ധന വരുത്തൽ

ക്രിസ്ത്യാനിയുടെ മറ്റൊരു പ്രവൃത്തിയാണ് മറ്റുള്ളവരെ ആത്മിക വർദ്ധന വരുത്തുക എന്നത്. "ആത്മിക വർദ്ധന" എന്ന വാക്കിന്റെ അർത്ഥം പണിയുക എന്നതാണ്. നിങ്ങൾ പതിനഞ്ചോ അതിലധികമോ, ഇടവകകൾ ആരംഭിച്ചു കഴിഞ്ഞുവെങ്കിൽ ദയവു ചെയ്ത് ആ അഡ്രസുകൾ ട്രൂത്ത് ഫോർ ടുഡേ വേൾഡ് മിഷൻ സ്കൂളിന് അയ്ക്കുക (കൂടുതൽ പഠനത്തിനു വേണ്ടി

എന്നതിലുള്ള അഡ്രസ് ഉപയോഗിക്കുക), ഞങ്ങൾ ബൈബിൾ പഠിക്കുവാനുള്ള പഠന സഹായ പദ്ധതികൾ നിങ്ങൾക്ക് അയച്ചു തരാം. ക്രിസ്തുവിന്റെ പരിജ്ഞാനത്തിലും അവന്റെ വഴിയിലും നമുക്കു തുടർന്നു വളരാം, നമ്മോടു കൂടെ നമുക്ക് മറ്റുള്ളവരേയും വളരുവാൻ സഹായിക്കാം.

## മറ്റുള്ളവരെ സഹായിക്കൽ

ധർമ്മോപകാര പ്രവൃത്തികളും നിങ്ങൾ ചെയ്യേണ്ടതാണ്. നിങ്ങളോടു തന്നെ ചോദിക്കുക, "ദരിദ്രരെ സഹായിക്കുവാൻ എനിക്ക് എന്തു ചെയ്യാൻ കഴിയും?" ആവശ്യമുള്ളവരെക്കുറിച്ചു കരുതലില്ലെങ്കിൽ നിങ്ങൾ ക്രിസ്തുവിനെ പോലെ ഉള്ളവർ ആകുന്നില്ല (മത്തായി 25:31-46).

ക്രിസ്ത്യാനികൾ ചെയ്യുന്ന ചില സൽ പ്രവൃത്തികൾ ഇതാ:

മറ്റുള്ളവരോടു സുവിശേഷം അറിയിക്കുക.
രോഗികളെ ശുശ്രൂഷിക്കുക.
ദൈവത്തെക്കുറിച്ച് അറിയുവാൻ കുട്ടികളെ സഹായിക്കുക.
വിശപ്പുള്ളവർക്ക് ആഹാരം നൽകുക.
അനാഥരേയും വിധവമാരെയും സഹായിക്കുക.
തടവിലുള്ളവരെ സന്ദർശിക്കുക.
അതിഥി സൽക്കാരം ആചരിക്കുക.
ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുക.
മറ്റുള്ളവരെ ആരാധനക്കു ക്ഷണിക്കുക.
മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുക.
വായിക്കാൻ കഴിയാത്തവരെ ബൈബിൾ വായിച്ച് കേൾപ്പിക്കുക.

ശുശ്രൂഷിപ്പാനാണ് യേശു ഈ ലോകത്തിലേക്കു വന്നതു. ശുശ്രൂഷിപ്പിക്കുന്നതിന്നല്ല, മറിച്ചു മറ്റുള്ളവർക്കു ശുശ്രൂഷ ചെയ്യുവാനും തന്റെ ജീവൻ അനേകർക്കു മറുവിലയായി കൊടുപ്പാനുമത്രേ അവൻ വന്നത് (മർക്കൊസ് 10:45). യേശു മരിച്ചതുപോലെ മറ്റുള്ളവർക്കു വേണ്ടി മരിപ്പാൻ നമുക്കു കഴിയുകയില്ല; എന്നാൽ സുവിശേഷം അറിയിച്ച് മറ്റുള്ളവർക്കു വേണ്ടി ജീവിച്ച്, അവരെ ക്രിസ്തുവിൽ വളരുവാൻ സഹായിച്ച്, അവർ ഉപദ്രവിക്കപ്പെടുമ്പോൾ അവരോടു മനസലിവു കാണിക്കയും ചെയ്യാം.

## ഉപസംഹാരം

പ്രവൃത്തികളുടെ ൮-൦ ലക്കത്തിലെ ഐത്യോപ്യൻ ഷണ്ഡന്റെ സംഭവം നിങ്ങൾ വായിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ, ഈ പുസ്തകം വായിക്കുന്നതു നിർത്തിയിട്ട് ആ സംഭവം വായിക്കുക. അവനോട് സുവിശേഷം അറിയിക്കുവാൻ ഫിലിപ്പൊസിനെ അയച്ചു. ഐത്യോപ്യൻ സന്തോഷത്തോടെ സുവിശേഷം കൈക്കൊണ്ടു ഒരു ക്രിസ്ത്യാനി ആയിതീർന്നു.

ഫിലിപ്പൊസ് ഒരു ദൈവശ്വാസിയായിരുന്നു. നിങ്ങൾ വായിക്കുന്ന ഈ പുസ്തകം ദൈവശ്വാസിയമല്ല (അവസാന ഭാഗം ആയ പുതിയ നിയമം ഒഴിച്ച്). എങ്ങനെയായാലും, നിങ്ങൾ വായിച്ച് ഈ പേജുകളിൽ പുതിയ നിയമത്തിൽ പഠിപ്പിച്ച ക്രിസ്തു നല്കുന്ന രക്ഷയെക്കുറിച്ചും അവൻ സ്ഥാപിച്ച സഭയെക്കുറിച്ചും നിങ്ങൾ വായിച്ചു കഴിഞ്ഞുവല്ലൊ, അങ്ങനെ ഈ പുസ്തകത്തിലെ പേജുകൾ ദൈവശ്വാസിയ പുസ്തകമായ, ബൈബിളിലേക്കു വിരൽചൂണ്ടുകയാണ്. നിങ്ങൾ ഇതിൽ വായിക്കുന്ന തിരുവെഴുത്തുമായി താരതമ്യം ചെയ്യുകയും, ഞങ്ങൾ പഠിപ്പിക്കുന്നതു പുതിയ നിയമം പഠിപ്പിക്കുന്നതാണെന്നും ഉറപ്പുവരുത്തുക.

രക്ഷപ്രാപിപ്പാൻ ദൈവം ഐത്യോപ്യന് ഒരവസരം കൊടുത്തു. അതൊരു നീണ്ട, മുഷിപ്പൻ പഠനമല്ല; എന്നാൽ അവ അവൻ ക്രിസ്ത്യാനിയാകുന്നതെങ്ങനെ എന്നും എങ്ങനെ ക്രിസ്ത്യാനിയായി ജീവിക്കാമെന്നും പഠിപ്പിക്കുവാൻ മതിയായിരുന്നു. അതേ ഉപദേശം തന്നെ നിങ്ങളിൽ എത്തിക്കാനാണ് ഞങ്ങൾ ശ്രമിച്ചത്. അവസരം ഇപ്പോൾ നിങ്ങളുടേതാണ്. ഈ അവസരം നിങ്ങൾ മുഴുവനായും പൂർണ്ണമായും ഉപയോഗപ്പെടുത്തുക. ആത്മാർത്ഥമായി ഞങ്ങൾ നിങ്ങളോടു വിട പറയട്ടെ. ദൈവം തന്റെ പുത്രൻ മുഖാന്തരം നൽകിയ സുവിശേഷം അനുസരിക്കുന്നതിനാൽ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അതിനു മുൻപു നിങ്ങളെ കാണാൻ കഴിഞ്ഞില്ലെങ്കിൽ, സ്വർഗ്ഗത്തിൽ നിങ്ങളെ കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## പഠനചോദ്യങ്ങൾ

*(അനുബന്ധം 1 ലെ ഉത്തരങ്ങൾ)*

1. എന്തുകൊണ്ടാണ് "നിങ്ങൾ യേശുവിനെ എന്തു ചെയ്യും" എന്ന ചോദ്യത്തിൽ നിത്യസൂചനകൾ ഉള്ളത്?
2. കൊച്ചു കുട്ടികളോ നിങ്ങളോ സ്നാനമേൽക്കേണ്ടതുണ്ടോ? എന്തു

കൊണ്ട്? എന്തുകൊണ്ട് ആവശ്യമില്ല.

3. സ്നാനത്തിന്റെ ഉദ്ദേശം എന്ത്?
4. ക്രിസ്തുവിന്റെ സഭ കണ്ടെത്താൻ സഹായിക്കുന്ന ചില ചോദ്യങ്ങൾ ഏവ?
5. സ്നാനം വെള്ളത്തിലുള്ള അടക്കമാണ് എന്ന് ഏതു വാക്യം ആണ് പറയുന്നത്?
6. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തെ ചുരുക്കമായി പറയുവാനുള്ള വഴി എന്ത്?
7. ഒരു ക്രിസ്ത്യാനി ദൈവവചനത്തോട് അടുത്തിരിക്കുന്നതെങ്ങനെ?
8. ഓരോ ഞായറാഴ്ച്ചയും സഭ ആരാധിക്കുവാൻ കൂടി വരുന്നു. എന്ത് ആരാധനാ മൂലകങ്ങൾ ആണ് ഉപയോഗിക്കുന്നത്?
9. കർത്തൃ മേശ സ്ഥാപിച്ചപ്പോൾ യേശു ഉപയോഗിച്ച രണ്ടു മൂലകങ്ങൾ ഏവ?
10. ഒരു ക്രിസ്ത്യാനി ആയിത്തീരുന്നതിനും ക്രിസ്ത്യാനി ആയി ജീവിക്കേണ്ടതിനും നിങ്ങൾ എടുക്കേണ്ട നാലു ചുവടുകൾ ഏവ?

## വാക്ക് സഹായങ്ങൾ

**തിരുവെഴുത്തുകൾ** – ബൈബിൾ, പഴയതും പുതിയതുമായ നിയമങ്ങൾ. പഴയനിയമം യെഹൂദന്മാർക്ക് നൽകിയതും പുതിയ നിയമത്തിലേക്ക് നയിക്കുന്നതുമായിരുന്നു (ഗലാത്യർ 3:24), പുതിയ നിയമം ഇന്ന് എല്ലാവർക്കും ഉള്ളതാണ്. ദൈവം ലോകത്തെ സൃഷ്ടിച്ചതിന്റെ ചുരുക്കം അതിലുണ്ട്. യിസ്രായേൽ ജനത്തിനു ദൈവം കൊടുത്ത പ്രമാണം, ദൈവശ്വാസിയ പദ്യം, പ്രവാചകന്മാർ മുഖാന്തരമുള്ള ദൈവത്തിന്റെ ഉപദേശവും ഉൾപ്പെടുന്നു.